II അടിയന്തിര പ്രമേയം

ഓടനാവട്ടം ഹൈസ്ക്കൂളിലെ വിഷബാധ

മി. സ്പീക്കർ : കൊല്ലം ജില്ലയിൽ നെടുവത്തൂർ നിയോജകമണ്ഡലത്തിലുള്ള ഓട്നാവട്ടം ഹൈസ്കൂളിൽ 31-10-1986-ൽ വിഷബാധ ഏറ്റതുമൂലം എഴുപതോളം കുട്ടികളെ കൊട്ടാരക്കര ഗവൺമെന്റ് ആശുപത്രി
9.30 a. m.] യിൽ പ്രവേശിപ്പിച്ചിരിക്കുന്നതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പ്രയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യാൻ ഇന്നത്തെ സഭാ നടപടികൾ നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ സി. കെ. തങ്കപ്പൻ, കെ. ആർ. ചന്ദ്രമോഹൻ എന്നീ ബഹുമാനപ്പെട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, 31-10-1986 വെള്ളിയാഴ്ച രാവിലെ പതിനൊന്നു മണിയോടുകൂടി കൊല്ലം ജില്ലയിലുള്ള നെടുവത്തൂർ പഞ്ചായത്തിൽ ഓടനാവട്ടം ഹൈസ്കൂളിലെ ഒരു വിദ്യാർത്ഥിക്ക് ബോധക്ഷയമുണ്ടായി. അല്പസമയം കഴിഞ്ഞ് കണ്ടുകൊണ്ടുനിന്ന രണ്ട് കുട്ടികൾക്കും ബോധക്ഷയമുണ്ടായി. ആ സ്കൂളിലുള്ള ഉദ്ദേശം 10 കുട്ടികളെ തളർച്ചയും വിറയലും അനുഭവപ്പെട്ടതിനെത്തുടർന്ന് ഉടൻതന്നെ സ്കൂൾ അധികൃതർ അടുത്തുള്ള ഗവൺമെന്റ് ആശുപത്രിയിലേക്ക് മാറ്റി. വിവരമറിഞ്ഞ ഉടൻതന്നെ കൊല്ലം ജില്ലാ മെഡിക്കൽ ആഫീസറുടെ ചാർജ് വഹിക്കുന്ന ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ കൊല്ലം ജില്ലാ ആശുപത്രിയിൽനിന്നും വിദഗ്ദ്ധരായ ഡോക്ടർമാരെയും കൂട്ടി ഓടനാവട്ടം സ്കൂൾ സന്ദർശിക്കുകയും കുട്ടികളെ പരിശോധിക്കുകയും ചെയ്തു. കൂട്ടത്തിൽ പനിയും നെഞ്ചുവേദനയും അനുഭവപ്പെട്ട രണ്ട് കുട്ടികളെ കൊട്ടാരക്കര ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതൊരുതരം വൈറൽ ഫിവർ ആണെന്നാണ് ഡോക്ടർമാരുടെ അഭിപ്രായം. ആരുടെയും നില ഗുരുതരമല്ല. അത് ശരിയാക്കാവുന്നതേയുള്ളൂ. ഗവൺമെന്റ് ഇതിനെപ്പറ്റി ചർച്ച ചെയ്തിട്ടുണ്ട്. സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തിര സ്വഭാവം ഇതിനില്ല.

ശ്രീ. സി. കെ. തങ്കപ്പൻ : സർ, ബഹുമാനപ്പെട മന്ത്രി ഇവിടെ പ്രസ്താവിച്ചത് സത്യവിരുദ്ധമാണ്. എന്റെ നിയോജകമണ്ഡലത്തിലെ നെടുവത്തൂർ പഞ്ചായത്തിലല്ല ഈ സ്കൂൾ. വെളിയം പഞ്ചായത്തിലാണ് ഓടനാവട്ടം സ്കൂൾ സ്ഥിതി ചെയ്യുന്നത്. അതുപോലും അദ്ദേഹത്തിനറിയില്ല. കഴിഞ്ഞ 31-10-1986 ക്ലാസ് തുടങ്ങി ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ വളരെയധികം കുട്ടികൾ ക്ലാസ് മുറിയിലും വെളിയിലും തലകറക്കവും വിറയലും മൂലം നിലത്ത് വീഴുകയാണുണ്ടായത്. അത് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. ഏതോ ചില അജ്ഞാതരോഗമാണ് ഇതിന് കാരണമെന്നാണ് നാട്ടുകാർ വിശ്വസിക്കുന്നത്. ക്ലാസ്സിൽ കൂടെ ഉണ്ടായിരുന്ന അദ്ധ്യാപകർ ചെവിയും പൊത്തിപ്പിടിച്ച് ശ്വാസമടക്കി പലരും ഓടി. അവരെ കുറ്റം പറയേണ്ട കാര്യമില്ല. അന്ന് പൂട്ടിയ സ്കൂൾ ഇതുവരെ തുറന്നില്ല. മൂന്ന് ദിവസമായി അവധി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതൊരു മാനേജുമെന്റ് സ്കൂളാണ്. ഈ സ്കൂളിൽ എന്താണ് ഈ സംഭവത്തിന് കാരണമെന്ന് ഇതുവരെ ഡോക്ടർമാർ പോലും പറഞ്ഞിട്ടില്ല. ഞാൻ കഴിഞ്ഞ ദിവസം കൊട്ടാരക്കര ഗവൺമെന്റ് ആശുപത്രിയിൽ പോയി ഈ കുട്ടികളെ കണ്ടതാണ്. രണ്ട് കുട്ടികളല്ല. 55 കുട്ടികൾ ഈ ആശുപത്രിയിൽ ചികിൽസയിലുണ്ട്, ബഹുമാന്യനായ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ വീടിന് മുമ്പിലാണ് ഈ ആശുപത്രി. മന്ത്രി പറയുന്നത് രണ്ട് കുട്ടികളെയുള്ളുവെന്നാണ്. 55 കുട്ടികളെ ഞാൻ നേരിട്ട് പോയി കണ്ടതാണ്. ഈ പള്ളിക്കൂടത്തിൽ 21 ഡിവിഷനുകളിലായി

LIBRARY ARCHIVES Kerala Legislative Assembly

തൊള്ളായിരത്തോളം കുട്ടികളുണ്ട്. ഇതിൽത്തന്നെ ഓമന ഹ്യൂന കുട്ടി ബോധം കെട്ട് കിടക്കുകയാണ്. രമ എന്ന കുട്ടിയുടെ കണ്ണിലെ കാഴ്ച മിക്കവാറും നശിച്ചിട്ടുണ്ട്. ലിസി എന്ന പെൺകുട്ടി തുടർച്ചയായി രക്തം ഛർദ്ദിച്ചു കൊണ്ടിരിക്കുകയാണ്. അതുപോലെ ഫ്രെഷനിയുടെ ഛർദ്ദി ഇന്നുവരെ നിലച്ചിട്ടില്ല. മൂന്നോ നാലോ ദിവസമായി മറ്റൊരു പ്രൈമറി ഹെൽത്ത് സെൻററിലും കുറെ കുട്ടികളെ കിടത്തിയിട്ടുണ്ട്. ആരുടെയും സഹായമില്ലാതെ ആരും ആശുപത്രിയിൽ കൊണ്ടുപോകാതെ നിരവധി കുട്ടികളെ അവരുടെ കൂരകളിൽ കഴിയുന്നു. ഇതാണ് സത്യം. ജില്ലാ കളക്ടർ, എസ്. പി. കൊട്ടാരക്കര ആശുപത്രിയിലെ ചുമതലയുള്ള ഡോക്ടർമാർ അവരൊക്കെ വിളിച്ച് പറഞ്ഞിട്ടുപോലും ഇന്നലെ രാവിലെ പത്തര മണി വരെ ആരോഗ്യ വകുപ്പിന്റെ ചുമതലപ്പെട്ടവർ ഈ ആശുപത്രിയിൽ തിരിഞ്ഞ് നോക്കിയിട്ടില്ല. അതാണ് ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി സത്യവിരുദ്ധമായ പ്രസ്താവനയാണ് ഇവിടെ നടത്തിയതെന്ന്. രക്ഷകർത്താക്കളും നാട്ടുകാരും ഇപ്പോഴും ഭയവിഹ്വലരായി കഴിഞ്ഞുകൂടുകയാണ്. ആ പ്രദേശത്ത് മുഴുവൻ സംഭ്രമജനകമായ ഒരു അന്തരീക്ഷം നിലനിൽക്കുന്നു. ഭോപ്പാലിലെപ്പോലെ കൂട്ടമരണം ഉണ്ടാകുമോ എന്ന് നാട്ടുകാർ ഭയപ്പെടുന്നു. മാത്രമല്ല മഞ്ഞപ്പിത്തം അതിസാരം പേപ്പട്ടിശല്യം തുടങ്ങിയ രോഗങ്ങളെല്ലാം സർക്കാരിന്റെ നയത്തിന്റെ മുഖമുദ്രയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. വിദ്യാഭ്യാസ കച്ചവടക്കാരായ സ്വകാര്യ മുതലാളിമാർ കുട്ടികളുടെയും രക്ഷകർത്താക്കളുടെയും ജീവൻ പോലും പന്താടുന്ന ഒരു സ്ഥിതിവിശേഷമാണ് നമ്മുടെ നാട്ടിലുള്ളത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് നമ്മുടെ നാട്ടിലെ പൊതുജനാരോഗ്യ വകുപ്പിന്റെ സ്ഥിതിയെന്താണെന്ന് ഈ സഭ ചർച്ച ചെയ്യണം. ഡോക്ടർ എന്നെഴുതാൻ കഴിയാത്ത ആളുകളാണ് ആശുപത്രി നടത്തുന്നത്. അതുപോലെ മരുന്നിന്റെ പേര് പോലും അറിയാത്തവർ രോഗികൾക്ക് മരുന്ന് നിശ്ചയിക്കുന്നു. പല്ലുവേദനയ്ക്ക് തലവേദനയ്ക്കുള്ള മരുന്ന് കൊടുക്കുന്നു. ഇതൊന്നും ഇതുമായിട്ട് ബന്ധമുള്ളതല്ലെങ്കിൽപ്പോലും ഇത് ആരോഗ്യവകുപ്പിന്റെ കുത്തഴിഞ്ഞ ലക്ഷണമാണ്. അതുകൊണ്ട് പ്രധാനപ്പെട്ട ആ സംഭവത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന് സഭ നടപടികൾ നിറുത്തിവയ്ക്കണമെന്നാണ്. ഞാൻ ആവശ്യപ്പെടുന്നത്. ഈ ഓടനാവട്ടം ഹൈസ്കൂൾ മുറ്റത്തെപ്പറ്റി അന്വേഷിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ഇങ്ങനെയൊരു സംഭവമുണ്ടായത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത് നല്ലതാണ്. ഓടനാവട്ടം ഹൈസ്കൂളിൽ ഇങ്ങനെയൊരു സംഭവം നടന്നിട്ടുണ്ട്. ഇന്നലെയും ഇന്നും സ്കൂളിന് അവധിയാണ്. അവിടെ ഒരു വിദ്യാർത്ഥിക്കും അസുഖത്തെ സംബന്ധിച്ച് യാതൊരു ബുദ്ധിമുട്ടുമില്ല. കൊല്ലം ജില്ലാ മെഡിക്കൽ ആശുപത്രിയിൽനിന്നും വിദഗ്ദ്ധരായ ഡോക്ടർമാരുടെ ഒരു ടീം അവിടെയുണ്ട്. ഹെൽത്ത് ഡയറക്ടർ അവിടെ പോകാനും വേറെ ഏതെങ്കിലും കൂടുതൽ പരിശോധന വേണമെങ്കിൽ റിപ്പോർട്ട് ചെയ്യാനും ഗവൺമെൻറ് പറഞ്ഞിട്ടുണ്ട്. മെഡിക്കൽ കോളേജിൽനിന്നും വിദഗ്ദ്ധരായ ഡോക്ടർമാരെ വേണമെങ്കിലും അയയ്ക്കാൻ ഗവൺമെൻറ് തയ്യാറാണ്. അതിന്റെ ആവശ്യമില്ലെന്ന് ഇപ്പോൾ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. എന്നാൽ ഹെൽത്തു ഡയറക്ടർ ഉടൻതന്നെ അവിടെ പോയി ഇത് ചികിൽസിച്ച് ഭേദപ്പെടുത്താൻ വേണ്ട ഏർപാടുകൾ ചെയ്യുന്നതാണ്. ഈ അടിയന്തിരപ്രമേയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly